നമ്പർ. ജി1/20/2016/റ്റി സി

ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്, കേരളം,

രണ്ടാം നില, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തൈക്കാട് പി.ഒ തിരുവനന്തപുരം - 14,
[☎0471-2333337/2333317 ഫാക്സ് 0471-2333314]
www.mvd.kerala.gov.in [ഇ-മെയിൽ - tcoffice@keralamvd.gov.in ]

തീയ്യതി, 04.06.2017

## സർക്കുലർ നമ്പർ 13/2017

വിഷയം :- ***മോട്ടോർ വാഹന വകുപ്പ്*** – ഓഫീസ് സമയങ്ങളിൽ ജീവനക്കാർ ഐ ഡി കാർഡ് ധരിക്കുന്നത്-സംബന്ധിച്ച്

സൂചന :-
1. 04.06.2012 തീയതിയിലെ 2/2012 നമ്പർ സർക്കുലർ
2. 18.08.2016 ലെ 7318/എആർ. 13(2)/16/പി &എആർഡി നമ്പർ സർക്കാർ സർക്കുലർ
3. 20.05.2017ലെ ഈ ഓഫീസിൽ നിന്നുള്ള എ5/11339/റ്റിസി/2012 നമ്പർ കത്ത്

എല്ലാ സർക്കാർ ഓഫീസുകളിലും കമ്പ്യൂട്ടർ വൽകൃത ഹാജർ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി, 01.07.2012 മുതൽ കേരള മോട്ടോർ വാഹനവകുപ്പിലും ബയോമെട്രിക് രീതിയിലുള്ള കമ്പ്യൂട്ടർവൽകൃതഹാജർ സംവിധാനം ഏർപ്പെടുത്തുകയും ടി സംവിധാനം വഴി കരാർ ജീവനക്കാർ ഉൾപ്പടെയുള്ള എല്ലാ ജീവനക്കാർക്കും സ്മാർട്ട് ഐ ഡി കാർഡുകൾ നൽകുകയും ചെയ്തിട്ടുണ്ട്. സൂചന(1) പരിപത്രപ്രകാരം കരാർ ജീവനക്കാർ ഉൾപ്പടെയുള്ള എല്ലാ ജീവനക്കാരും ഓഫീസ് സമയങ്ങളിൽ ഐ ഡി കാർഡുകൾ ധരിക്കുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. കൂടാതെ എല്ലാ സർക്കാർ ജീവനക്കാരും ഓഫീസ് സമയങ്ങളിൽ ഐ ഡി കാർഡുകൾ ധരിക്കണമെന്ന് സൂചന (2) സർക്കുലർ പ്രകാരം സർക്കാരിൽ നിന്നും നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. എന്നാൽ മേൽ ഉത്തരവ് ജീവനക്കാർ പാലിക്കുന്നില്ലായെന്നും, വകുപ്പിന്റെ ഓഫീസിൽ എത്തുന്ന പൊതുജനങ്ങൾക്ക് ജീവനക്കാരെ തിരിച്ചറിയാനാകാത്ത സാഹചര്യം ഉണ്ടാകുന്നതായുമുള്ള പരാതികൾ ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ, കരാർ ജീവനക്കാർ, ദിവസവേതനക്കാർ ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാരും ഓഫീസ് സമയങ്ങളിൽ ഐ ഡി കാർഡുകൾ ധരിക്കേണ്ടതും ആയത് ഓഫീസ് മേധാവികൾ ഉറപ്പുവരുത്തേണ്ടതുമാണ്. ഇതിൽ വീഴ്ചയുണ്ടാവുന്നത് ഓഫീസ് മേധാവിയുടെ വീഴ്ചയായി കണക്കാക്കുന്നതും ഈ വിഷയത്തിൽ അലംഭാവം തുടരുന്നത് ഗുരുതരമായ അച്ചടക്കലംഘനമായി കണക്കാക്കുന്നതുമാണ്. ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ മുതലായ മേൽ ഉദ്യോഗസ്ഥർ പരിശോധനകൾ നടത്തുമ്പോൾ ഇത് പരിശോധിക്കേണ്ടതും വീഴ്ചകൾ ശ്രദ്ധയിൽപെട്ടാൽ കർശനനടപടികൾ സ്വീകരിക്കുന്നതുമാണ്.

ഒപ്പ്
**ട്രാൻസ്പോർട്ട് കമ്മീഷണർ**

സ്വീകർത്താവ്

1. എല്ലാ മേഖലാ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർമാർക്കും
2. എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
3. എല്ലാ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർക്കും
4. എല്ലാ ചെക്ക് പോസ്റ്റുകളിലും
5. ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ & സെക്രട്ടറി, എസ് റ്റി എ, ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
6. ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർ (എൻഫോഴ്സ്മെന്റ്), ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
7. സീനിയർ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (ടാക്സേഷൻ), ട്രാൻസ്പോർട്ട് കമ്മീഷണറേറ്റ്
8. ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

***അംഗീകാരത്തോടെ***

5/6/17

***ജൂനിയർ സൂപ്രണ്ട്***